**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;.; | (എ) | പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണശാലയുടെ പ്രവൃത്തിയും വിവിധ ടാങ്കുകളുടെ പ്രവൃത്തിയും പമ്പിങ് മെയിൻ പണിയും പൂർത്തിയായി. കെ.എസ്. ഇ.ബി. കണക്ഷൻ ലഭ്യമാകുന്ന മുറക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.<br><br>ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തിയും കണക്ഷൻ നൽകുന്ന പ്രവൃത്തിയും 80 % പൂർത്തിയായിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിയുടെ പാക്കേജ് 2, പാക്കേജ് 3 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇരിമ്പിളിയം പഞ്ചായത്തിൽ രണ്ടാം ഘട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പാക്കേജ് 2 പദ്ധതിയിൽ എടയൂർ പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 98% പൂർത്തിയായിട്ടുണ്ട്.<br>പാക്കേജ് 3-ൽ ഉൾപ്പെടുന്ന പ്ലാൻറ്,വെൽ കം പമ്പ് ഹൗസ്,ഇലക്ട്രോ മെക്കാനിക്കൽ വർക്ക് എന്നിവ 90% പൂർത്തീകരിച്ചു.<br>ഇരിമ്പിളിയം പഞ്ചായത്തിലെ രണ്ടാം ഘട്ടം പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 60% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 360 FHTC യും ഇതിനോടകം നൽകി കഴിഞ്ഞു. 2025 മാർച്ച് മാസത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | എടയൂർ, ഇരിമ്പിളിയം, മാറാക്കര, പൊന്മള, കുറ്റിപ്പുറം എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾക്കായി കട്ടിംഗ് നടത്തിയ റോഡുകളുടെ റീസ്റ്റോറേഷൻ സംബന്ധിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ? | (സി) | എടയൂർ, ഇരിമ്പിളിയം പഞ്ചായത്തുകളിലെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മാറാക്കര പഞ്ചായത്തിലെ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ 2024 ഒക്ടോബർ മാസം 31 നുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റിപ്പുറം പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജല ജീവൻ മിഷൻ പദ്ധതിയിൽ റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച 3 റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പൊന്മള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഗ്രാമീണ റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടാറിംഗ് പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. പിഡബ്ല്യൂഡി റോഡുകളിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ റോഡ് റീസ്റ്റോറേഷൻ തുക അടവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ